# ദൈവഭയം

## സഭാപ്രസംഗി 12.13

**"ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക. അത് ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്."**

ഏതെങ്കിലും തരത്തിലുള്ള ഒരു ഭയത്തിൽ ജീവിക്കുന്നവരാണ് എല്ലാ വ്യക്തികളും. അതിന്റെ അളവിൽ മാത്രം വ്യത്യാസം ഉണ്ടാകുന്നു എന്നേയുള്ളു. എന്നാൽ ഇവിടെ ദൈവഭയത്തെപ്പറ്റിയാണ് വചനം നമ്മെ ചിന്തിപ്പിക്കുന്നത്. എന്താണ് ദൈവഭയം? ഒരു വന്യമൃഗത്തോടോ, ഏതെങ്കിലും സാഹചര്യങ്ങളോടെ, വ്യക്തികളോടോ, രോഗത്തോടോ ഒന്നുമുള്ള ഭയമല്ല അത്. മറിച്ച് ഒരു കുഞ്ഞിന് തന്റെ അപ്പനോടു സ്നേഹത്തിൽ നിന്നും ഉരുവാകുന്ന ബഹുമാന സൂചകമായ ഒരു സമീപനം. അതാണ് ദൈവഭയത്തിൽ നിന്ന് ഒരു വ്യക്തി മനസ്സിലാക്കേണ്ടത്. ദൈവത്തിൽ നിന്നും നമുക്ക് അസ്ഥിത്വം ലഭിച്ചു. ആ ദൈവ ത്തിലേക്കുതന്നെ നാം മടങ്ങിപ്പോകുന്നു. അപ്പോൾ സ്വാഭാവികമായും നമ്മുടെ ജീവിതയാ ത്രയിൽ ഈ അപ്പന്റെ ഇഷ്ടം അറിഞ്ഞ്, ആ സ്നേഹവും കരുതലും ഒക്കെ മനസ്സിലാക്കി അപ്പനെ മഹത്വപ്പെടുത്തുക എന്നതാണ് നമ്മുടെ കടമ. അതുതന്നെയാണ് ഒരു ദൈവപൈ തലിന്റെ യഥാർത്ഥ ദൈവഭയം എന്നുദ്ദേശിക്കുന്നത്.

വിശുദ്ധഗ്രന്ഥത്തിലുടനീളം ദൈവം നമ്മോട് ഭയപ്പെടേണ്ട എന്ന ആഹ്വാനം നൽകുന്നു. വാസ്തവത്തിൽ ദൈവഭയമുള്ള ഒരു വ്യക്തിക്ക് ഒരിക്കലും, ഈ ലോകത്തെയോ, വ്യക്തി കളെയോ, സാഹചര്യങ്ങളെയോ ഭയക്കേണ്ടതില്ല. ദൈവത്തിന്റെ അനന്തമായ സ്നേഹം യേശുക്രിസ്തുവിലൂടെ നമുക്ക് ലഭിച്ചു. തുടർന്നും ആ സ്നേഹം നമ്മെ കാത്തുകൊള്ളും എന്ന് ഉറച്ചു വിശ്വസിക്കണം. ദൈവത്തിന്റെ വഴിയിൽക്കൂടി ചരിക്കുകയും, തിന്മ പ്രവർത്തിക്കാതിരിക്കുകയും വേണം. അപ്പോൾ നമുക്ക് ഒന്നിനെയും ഭയപ്പെടേണ്ട കാര്യമില്ല.

ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നുടലെടുത്ത ദൈവഭയം ഉണ്ടായിരുന്നതുകൊ ണ്ടാണ് പൗലോസിനു പറയാൻ സാധിച്ചത് ''എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ട വുമാണ്'' എന്ന് (ഫിലി 1:21). സിംഹക്കൂട്ടിൽ ദാനിയേലിനു സിംഹത്തെ ഭയം തോന്നാതി രുന്നതു അതുതന്നെ (ദാനി 6:22). യിസ്രായേല്യരെ ഈജിപ്റ്റിൽ നിന്നും മോചിപ്പിക്കുവാൻ ദൈവംമോശയോടു പറഞ്ഞപ്പോൾ ഭയന്നു ഒഴികഴിവുകൾ പറഞ്ഞു. എന്നാൽ തന്റെ കൈയ്യിൽ ഇരുന്ന വടി മോശയുടെ അത്ഭുത വടിയായി മാറ്റി, മുന്നോട്ടു നടത്തി.

മിദ്യാന്യരെ ഭയന്നു മുന്തിരി ചക്കിൽ ഗോതമ്പുമെതിച്ചുകൊണ്ടിരുന്ന ഗിദയോനെ ദൈവം ധീരനും ശക്തനുമെന്ന് അഭിസംബോധന ചെയ്തു. തന്റെ ദൗത്യത്തിൽ നിന്ന്, ഞാൻ ബാലനാണ് എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ച യിരമ്യാവിനെ ''മാതാവിന്റെ ഉദരത്തിൽ രൂപം നൽകുന്നതിനു മുമ്പ് ഞാൻ നിന്നെ അറിഞ്ഞു, ജനിക്കുംമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു'' (യിരമ്യാ 1.4-5) എന്നുപറഞ്ഞ് ദൈവം ബലപ്പെടുത്തി. ഇങ്ങനെ അനേക സംഭവങ്ങൾ നാം വചനത്തിൽ കാണുന്നു.

എങ്ങനെയാണ് ഇവർക്കൊക്കെ ഇത് സാധിച്ചത് എന്ന് പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്നത്-അനുസരണത്തിലും സ്നേഹത്തിലും ഉടലെടുത്ത ദൈവഭയത്തിൽ നിന്നാണ് ഇവരൊക്കെ ശക്തരായത്. അങ്ങനെയെങ്കിൽ നാമും അവരെയൊക്കെപ്പോലെ അനാദിയിലെ ദൈവം കണ്ടതും, ദൈവസ്നേഹം രുചിച്ചറിഞ്ഞവരും, ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും, അവനോടൊപ്പം നിത്യതയിൽ ആയിരിക്കേണ്ടവരുമാണ്. ഇന്നലെയും ഇന്നും നാളെയും മാറ്റമില്ലാത്തവനായ ദൈവം എന്നോടൊപ്പമിരുന്ന് എന്നെ സംരക്ഷിക്കും എന്ന അചഞ്ചലമായ വിശ്വാസം നമുക്കുണ്ടാകണം. അതുനമ്മെ സർവ്വഭയത്തിൽ നിന്നും മോചിപ്പിച്ച് ദൈവഭയത്തിൽ നിലനിർത്തി അവന്റെ കല്പനകളെ പ്രമാണിക്കാൻ പ്രാപ്തരാക്കും.

നിർഭയനായി, മരണത്തെ മുന്നിൽ കണ്ടുകൊണ്ട് മനുഷ്യരക്ഷയ്ക്കായി കാൽവറിയിലേക്ക് നടന്നുനീങ്ങിയ യേശുക്രിസ്തുവാണ് ഓരോ ദൈവപൈതലിന്റെയും ബലവും, ശക്തിയും, സംരക്ഷണവും, മോചനവും എല്ലാം. നമ്മെ ദൈവഭയത്തിൽ വസിക്കാൻ ദൈവത്തിന്റെ ആത്മാവ് ശക്തീകരിക്കട്ടെ.

**പരാമർശം:**

വെളിപ്പാട്. 01:17

ഭയപ്പെടേണ്ട ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നെന്നേയ്ക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്

യെശയ്യാവ് 51:12

ഞാൻ, ഞാൻ തന്നേ, നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ; എന്നാൽ മരിച്ചുപോകുന്ന മർത്യനെയും പുല്ലുപോലെ ആയിത്തീരുന്ന മനുഷ്യനെയും ഭയപ്പെടുവാൻ നീ ആർ?

ആവർത്തനം 10:12-13

ആകയാൽ യിസ്രായേലേ, നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാവഴികളിലും നടക്കയും അവനെ സ്നേഹിക്കയും നിന്റെ ദൈവമായ യഹോവയെ

പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സേവിക്കയും ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന യഹോവയുടെ കല്പനകളും ചട്ടങ്ങളും നിന്റെ നന്മെക്കായി പ്രമാണിക്കയും വേണം എന്നല്ലാതെ നിന്റെ ദൈവമായ യഹോവ നിന്നോടു ചോദിക്കുന്നതു എന്തു?

യോശുവ 24:14

ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ സേവിപ്പിൻ. നിങ്ങളുടെ പിതാക്കന്മാർ നദിക്കക്കരെയും മിസ്രയീമിലുംവെച്ചു സേവിച്ച ദേവന്മാരെ ഉപേക്ഷിക്കയും യഹോവയെത്തന്നേ സേവിക്കയും ചെയ്‌വിൻ.

മലാഖി 3:16

യഹോവാഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവെച്ചു കേട്ടു; യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവെച്ചിരിക്കുന്നു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 010**